**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 73** **30.06.2015-ലെ മറുപടി**

## സ്വാശ്രയ മേഖലയിലെ എം.ബി.ബി.എസ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.കെ.രാജു | (ശ്രീ. വി.എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലും പൊതു മേഖലയിലും എത്ര വീതം മെഡിക്കൽ കോളേജുകളുണ്ട്; | (എ) നിലവിൽ സർക്കാർ മേഖലയിൽ പാലക്കാട് ഉൾപ്പെടെ ഒൻപത് മെഡിക്കൽ കോളേജുകൾ ഉണ്ട്. സ്വകാര്യ, സ്വാശ്രയ മേഖലയിൽ 21 മെഡിക്കൽ കോളേജുകൾ കേരളത്തിൽ പ്രവർത്തിക്കുന്നു. |
| (ബി) സ്വാശ്രയ മേഖലയിൽ എം.ബി.ബി.എസ്സിന് എത്ര സീറ്റുകളുണ്ട്; പൊതു മേഖലയിൽ എത്ര സീറ്റുകളുണ്ട്; | (ബി) സർക്കാർ മേഖലയിൽ 1250 സീറ്റുകൾ നിലവിലുണ്ട്.<br>സ്വകാര്യ മേഖലയിൽ 2400 സീറ്റുകളും നിലവിലുണ്ട്. |
| (സി) എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റുകളും സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (സി) ഉണ്ട്, 2015-16 വർഷത്തെ എം.ബി.ബി.എസ് പ്രവേശനം സംബന്ധിച്ച് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള 4 മെഡിക്കൽ കോളേജും, 1 ഡന്റൽ കോളേജും ഉൾപ്പെടെ 5 കോളേജുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റു സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) സർക്കാരും മാനേജ്മെന്റുകളും തമ്മിൽ കരാറുണ്ടാക്കാത്ത സാഹചര്യത്തിൽ നൂറു ശതമാനം സീറ്റിലും മാനേജ്മെന്റ് നേരിട്ട് പ്രവേശനം നൽകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എല്ലാ സ്വാശ്രയ കോളേജുകളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ